7-5-2014-ലെ വിധിന്യായത്തിനെതിരെ 30-6-2014-ൽ പുനഃപരിശോധന ഹർജി നൽകിയിരുന്നുവെങ്കിലും ആയത് നിരാകരിക്കുകയുണ്ടായി. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുമ്പോൾ കേരള ജനതയ്ക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കഴിവതും ഒഴിവാക്കുന്നതിനായി തമിഴ്നാടിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ നിർദ്ദേശിച്ചുകൊണ്ട് അവ പരിഗണിക്കുന്നതിനും തമിഴ്നാടിന് നിർദ്ദേശങ്ങൾ നൽകുന്നതിനുമായി 15-11-2014-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ചെങ്ങന്നാംകുന്ന് തടയണ നിർമ്മാണം

174 (4460) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭാരതപ്പുഴക്ക് കുറുകെ തൃശ്ശൂർ-പാലക്കാട് ജില്ലകൾക്ക് കുടിവെള്ള പദ്ധതികൾക്കും ജലസേചനത്തിനും പ്രയോജനകരമായ ചെങ്ങന്നാംകുന്ന് തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) തടയണ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ &ബി) 1-6-2013-ലെ സ.ഉ. (സാധാ) നമ്പർ 613/2013/ഡബ്ല്യു.ആർ.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം 3250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി &ഡി) പ്രസ്തുത പദ്ധതിയുടെ പ്രീ-ക്വാളിഫിക്കേഷൻ ദർഘാസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റിയുടെ മിനിറ്റ്സിന്റെ അടിസ്ഥാനത്തിൽ ഫിനാൻഷ്യൽ ബിഡ് തുറക്കുന്ന തീയതി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly